# കാർഷിക സമ്പദ്‌വ്യവസ്ഥ തകർന്നു; കർഷകർ പട്ടിണിയിലേക്ക്

സി.ഡി.സുനീഷ്

കല്പറ്റ : വയനാടൻ കർഷകർ ഈ വിളവെടുപ്പ് സീസണിലും ഉല്പന്നങ്ങൾക്കേറ്റ കടുത്ത വിലയിടിവിൽ പെട്ട് ദാരിദ്ര്യത്തിലേക്ക് നീങ്ങുന്നു. ആഗോളവൽക്കരണം സൃഷ്ടിച്ച ലോകവിപണി പ്രത്യക്ഷത്തിൽ ഉല്പന്നങ്ങൾക്ക് കടുത്ത വിലയിടിവാണ് സൃഷ്ടിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ നാല് കർഷകരാണ് കടക്കെണിയിലകപ്പെട്ട് ആത്മഹത്യ ചെയ്തത്. ബാങ്കുകളിൽ സ്വർണ്ണപ്പണയം വെക്കാൻ നീണ്ട നിരകൾ പതിവു ദൃശ്യമായിരിക്കുന്നു. കാർഷിക മേഖല സൃഷ്ടിച്ച പ്രതിഫലനങ്ങൾ ഗതാഗത വ്യവസായ മേഖലയേയും ബാധിച്ചു. ഒരു സാമ്പത്തിക വിനിമയവും നടക്കുന്നില്ല. പല തോട്ടങ്ങളും കാപ്പി പറിക്കാതെ കാടുകയറിക്കിടക്കുന്നു. കാപ്പി പറിച്ച് വിറ്റുകിട്ടുന്ന തുകയേക്കാൾ വലിയ തുക കൂലികൊടുക്കേണ്ടിവരുന്നതിനാൽ ആണ് പല കർഷകരും കാപ്പിപറിക്കാതിരിക്കുന്നത്. ഇത്രയും വലിയ ഒരു പ്രതിസന്ധി ഇതുവരെ നേരിട്ടിട്ടില്ലെന്ന് പഴമക്കാരായ കർഷകർ പറയുന്നു.

കേരളത്തിലെ കാപ്പികൃഷിയുടെ 80% വയനാട്ടിൽനിന്നാണ്. 1999 ലെ കണക്കനുസരിച്ച് കേരളത്തിൽ 84,735 ഹെക്ടർ സ്ഥലത്താണ് കാപ്പി കൃഷി ചെയ്യുന്നത്. ഇതിൽ 70,327 ഹെക്ടറും വയനാട്ടിലാണ്. ഇത് ജില്ലയിലെ ആകെ കൃഷിഭൂമിയുടെ 38% വരും. രണ്ട് ഹെക്ടറിന് താഴെ 84,920 പേരും രണ്ട് ഹെക്ടറിനും 10 ഹെക്ടറിനും ഇടയിൽ 14,925 പേരും 10 ഹെക്ടറിന് മുകളിൽ 397 പേരുമടക്കം ജില്ലയിലെ ആളോഹരി കാപ്പി കൃഷിഭൂമിയുടെ കണക്ക്.

1997 ൽ 64 രൂപയും 98 ൽ 74 രൂപയും 99 ൽ 64 രൂപയും 2000 ൽ 39 രൂപയും 2001 ജൂണിൽ 31 രൂപയും കാപ്പിക്ക് ലഭിച്ചപ്പോൾ 18.50 പൈസയാണ് ഇപ്പോൾ ലഭിക്കുന്നത്. പ്രതിവർഷം 300 കോടിരൂപയാണ് കാപ്പി വിലയിടിവിൽ കേരളത്തിന്റെ നഷ്ടം. ഇതിൽ 250 കോടി രൂപയും വയനാടിന്റെ മാത്രം നഷ്ടമാണ്. എട്ട് ലക്ഷത്തോളം വരുന്ന ജില്ലയിലെ ജനസംഖ്യയിൽ നാല് ലക്ഷത്തോളം കർഷകരും തൊഴിലാളികളും കാപ്പിമേഖലയെ ആശ്രയിച്ചാണ് കഴിയുന്നത് കാപ്പി വലിയ വിലനൽകി ഇറക്കുമതി ചെയ്യുന്ന നയമാണ് ഇപ്പോൾ സർക്കാരിനുള്ളത്. കോഫി ആക്ടനുസരിച്ച് കയറ്റുമതി ചെയ്ത കാപ്പി ഇറക്കുമതി ചെയ്യണമെങ്കിൽ കോഫി ബോർഡിന്റെ അനുമതിവേണം. ഈ നിയമമെല്ലാം അസ്ഥാനത്താക്കിയാണ് ഈ ഇറക്കുമതി. കോഫി ബോർഡാണെങ്കിൽ ഫെബ്രുവരിയിൽ അന്താരാഷ്ട്ര കോഫിസമ്മേളനം ബാംഗ്ലൂരിൽ നടത്താനുള്ള ഒരുക്കത്തിലാണ്. കാപ്പിമേഖല നേരിടുന്ന ഈ പ്രതിസന്ധിയിൽ സമ്മേളനം മാറ്റണമെന്നാണ് കർഷകസംഘടനകൾ ആവശ്യപ്പെടുന്നത്...

(ശേഷം [illegible] പേജിൽ)

## തോട്ടം തൊഴിലാളികൾ മാറാ വ്യാധികളുടെ പിടിയിൽ

വയനാട് : അശാസ്ത്രീയ തൊഴിൽ രീതികളും സുരക്ഷാ മാർഗ്ഗങ്ങളുടെ അഭാവവും ഭൂരിപക്ഷം തോട്ടം തൊഴിലാളികളെ മാറാ വ്യാധികൾക്ക് അടിമപ്പെടുത്തുന്നുവെന്ന് റിപ്പോർട്ട്.

രാസപദാർത്ഥങ്ങളുടെയും കീടനാശിനികളുടെയും നിരന്തരസമ്പർക്കം തൊഴിലാളികളെയും മാരകരോഗങ്ങൾക്ക് അടിമപ്പെടുത്തുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. അർബുദ രോഗത്തിന്റെ ഇരകളാണ് ഭൂരിപക്ഷം തൊഴിലാളികളും. നെഞ്ചുവേദന, ആസ്ത്മ, ഹൃദ്രോഗം, അന്ധത, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളും, തൊഴിലാളികളിൽ വ്യാപകമായി പടരുന്നുവെന്ന് തൊഴിലാളികൾ പറയുന്നു. സ്ത്രീ തൊഴിലാളികളാണ് രോഗബാധിതരാകുന്നതിലധികവും.

ദിവസേന ടൺ കണക്കിന് കീടനാശിനികളാണ് തേയില, ഏലം, തോട്ടങ്ങളിൽ ദിവസവും തളിക്കുന്നത്. കീടനാശിനികൾ ഉപയോഗിക്കുമ്പോൾ കൈയുറകളോ, മുഖംമൂടികളോ വിതരണം ചെയ്യാത്ത തോട്ടമുടമകളാണ് വയനാടൻ മേഖലകളിലധികവും.

തൊഴിലാളികൾ ശുദ്ധജലമെന്ന് കരുതി കുടിയ്ക്കുന്ന വെള്ളത്തിലെ വിഷാംശത്തിന്റെ തോത് വളരെ മാരകമാണ്. തേയിലച്ചെടികളുടെ ഇലകളിൽ പറ്റിപിടിച്ചിരിക്കുന്ന കീടനാശിനികൾ കലർന്ന പൊടികൾ ശ്വസിക്കുന്നതാണ്. സ്ത്രീ തൊഴിലാളികൾക്ക് രോഗങ്ങൾ പകരുന്നതിന്റെ പ്രധാന കാരണം.

# കർഷകർ പട്ടിണിയിലേക്ക്

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ചോദിച്ചുതുടങ്ങിയിട്ടുണ്ട്.

കാപ്പിക്ക് ഏറ്റ ആഘാതം ഇഞ്ചി, കുരുമുളക് ഇവയേയും ഏറെ ബാധിച്ചു. ഒരു ചാക്ക് ഇഞ്ചിക്ക് (60 കിലോ) 2300 രൂപ വിലയുണ്ടായിരുന്നത്. 2225 രൂപയായി താഴ്ന്നു. ഉദ്പ്പാദനം കേടുകാരണം 50% ആയി കുറയുകയും ചെയ്തു. 6,610 ഹെക്ടറിൽ ഉള്ള ഇഞ്ചികൃഷി പകുതിയിലധികം രോഗബാധക്കിടയായി.

കുരുമുളക് വിലയും 70 രൂപയിലേക്ക് തകർന്നിടിഞ്ഞു. 260 രൂപ വിലയുണ്ടായിരുന്ന കുരുമുളകിന് കഴിഞ്ഞ ആഴ്ചവരെ 80 രൂപ ലഭിച്ചിരുന്നു. ജനവരിയിലാണ് കുരുമുളകിന്റെ വിളവെടുപ്പ് സീസൺ. ഫെബ്രുവരിയിൽ വിയറ്റ്നാമടക്കമുള്ള രാജ്യങ്ങളിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്താൽ ഇനിയും താഴോട്ട് പോകും. 20,000 ടൺ കുരുമുളകാണ് വയനാട്ടിൽ ഉദ്പ്പാദിപ്പിക്കുന്നത്. 400 കോടി രൂപയുടെ വരുമാനവും ലഭിച്ചിരുന്നു. അതിപ്പോൾ 150 കോടിരൂപയിലും താഴെയായി. ഇന്ത്യയുടെ കുരുമുളക് ഉദ്പ്പാദനത്തിൽ 95% കേരളത്തിന്റെ സംഭാവനയാണ്. ഇടുക്കിയിൽ 47,712 ഹെക്ടറിൽ കുരുമുളകുണ്ട്. വയനാട്ടിൽ 43,540 ഹെക്ടറും. ദ്രുതവാട്ടത്തിന്റെ പിന്നാലെ വിലതകർച്ചയും കർഷകരെ ദുരിതത്തിലാക്കി.

അടയ്ക്ക, നാളികേരം, റബ്ബർ, നേന്ത്രക്കായ തുടങ്ങിയവയുടെ സ്ഥിതിയും അതീവഗുരുതരമാണ്. നേന്ത്രക്കായക്ക് 13 രൂപ ലഭിച്ചിരുന്നതിപ്പോൾ 5 രൂപയായി. തേയിലയും ഒരു മാനദണ്ഡവുമില്ലാതെ ഇറക്കുമതി ചെയ്യാനാരംഭിച്ചതോടെ തേയില കർഷകരും ഈ മേഖലയെ ആശ്രയിക്കുന്ന പതിനായിര കണക്കിന് തൊഴിലാളികൾക്കും ഇരുട്ടടിയായി.

കാർഷിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ച ആഘാതത്തിനെതിരെ കർഷകസംഘടനകൾ വിവിധ രീതികളിൽ പ്രക്ഷോഭം തുടങ്ങിയിട്ടുണ്ടെങ്കിലും പലപ്പോഴുമത് മഹാറാലികളും മാമാങ്കങ്ങളുമായി ഒടുങ്ങുകയാണ്. ഇതിനിടയിൽ ഉയർന്നുവന്ന ഒരു സർഗ്ഗാത്മകപ്രതിരോധം കള്ളുചെത്താൻ ഉള്ള അവകാശം കർഷകനാണ് എന്ന് ആവശ്യപ്പെട്ട ഫാർമേഴ്സ് റിലീഫ് ഫോറത്തിന്റെ സമരമാണ്.